പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 558

08.08.2017 ൽ മറുപടിക്ക്

## അനധികൃത ക്വാറികളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.കെ.ബഷീർ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും അനധികൃതമായും നിരവധി ക്വാറികൾ പ്രവർത്തിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ക്വാറികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കുമോ: | (എ) | സംസ്ഥാനത്ത് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും അനധികൃതമായും പ്രവർത്തിക്കുന്ന ക്വാറികൾ കണ്ടെത്തി നിർത്തി വയ്പ്പിച്ച് ക്വാറി ഉടമകൾക്കെതിരെ നിയമാനുസൃതമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ക്വാറികൾ പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും മൈനിംഗ് & ജിയോളജി വകുപ്പിന്റെ കീഴിലുള്ള ജില്ലാ ഓഫീസുകൾക്കും മിനറൽ സ്ക്വാഡുകൾക്കും അധികാരമുണ്ട്. സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ക്വാറി പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് അധികൃതരെ വിവരമറിയിക്കുവാൻ പോലീസ് അധികാരികൾ, റവന്യൂ അധികാരികൾ എന്നിവർക്ക് അധികാരം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡയറക്ടറേറ്റ് ജനറൽ ഓഫ് മൈൻ സേഫ്റ്റിയിലെ ഉദ്യോഗസ്ഥരാണ് ക്വാറിയിലെ സുരക്ഷാ മാനദണ്ഡങ്ങൾ പരിശോധിക്കാൻ നിയമപരമായി അധികാരപ്പെട്ടവർ. ഈ ഉദ്യോഗസ്ഥരും സംസ്ഥാനത്ത് ക്വാറികളിൽ പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) റവന്യൂ ഭൂമി കൈയ്യേറി വൻതോതിൽ പാറ പൊട്ടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ: | (ബി) | റവന്യൂ വകുപ്പിൽ നിന്നുമുള്ള എൻ.ഒ.സി. പ്രകാരമാണ് റവന്യൂ ഭൂമിയിൽ മൈനിംഗ് & ജിയോളജി വകുപ്പ് ഖനനാനുമതി നൽകുന്നത്. ഇപ്രകാരം ഖനനാനുമതി നൽകിയ സ്ഥലത്തിന് പുറത്ത് ഖനനം നടത്തുന്നത് കണ്ടെത്തിയാൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. റവന്യൂ ഭൂമി കൈയ്യേറി വൻതോതിൽ പാറ പൊട്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) അനധികൃത ക്വാറികൾ സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; അവ അടച്ചുപൂട്ടുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ജില്ല തിരിച്ചുള്ള | (സി) | ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുപ്രകാരം 02.12.2016 മുതൽ ക്വാറി പ്രവർത്തനത്തിന് പാരിസ്ഥിതികാനുമതി നിർബന്ധമായ സാഹചര്യത്തിൽ ഒരു വർഷത്തിൽ താഴെ കാലാവധിയിൽ |

വിശദാംശം ലഭ്യമാക്കുമോ;

പെർമിറ്റ് പ്രകാരം പ്രവർത്തിക്കുന്ന ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നു. എങ്കിലും ഇത്തരത്തിലുള്ള ക്വാറികളിൽ ചിലത് പാരിസ്ഥിതികാനുമതി കൂടാതെ അനധികൃതമായി പ്രവർത്തിക്കുന്നത് കണ്ടെത്തിയതിനെ തുടർന്ന് അവ നിർത്തിവയ്പ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുന്നതായി മൈനിംഗ് & ജിയോളജി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പുതുതായി ക്വാറികൾ അനുവദിക്കുന്നതിനു പഴയ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് എന്തെല്ലാമാണെന്നും അതിൻ പ്രകാരം എത്ര ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

(ഡി) 1967 ലാണ് സംസ്ഥാനത്ത് ആദ്യമായി മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ നിലവിൽ വന്നത്. 1967 മുതൽ 2015 വരെ ഖനനം നടത്തുന്ന പ്രദേശത്തിന്റെ അതിരിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, പാലങ്ങൾ, മറ്റ് പൊതു നിർമ്മാണങ്ങൾ, ആൾ താമസമുള്ള വീടുകൾ, ആരാധനാലയങ്ങൾ, ശ്മശാനം, പഞ്ചായത്തു റോഡുകൾ എന്നിവയിലേക്കുള്ള ദൂരപരിധി 50 മീറ്ററായിരുന്നു. എന്നാൽ 2015 ഫെബ്രുവരിയിൽ പുതിയ മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പുറപ്പെടുവിച്ചപ്പോൾ എക്സ്പ്ളോസീവ് ഉപയോഗിച്ച് ഖനനം നടത്തുന്ന കേസുകളിൽ 50 മീറ്റർ എന്നത് 100 മീറ്ററായി ഉയർത്തുകയും തുടർന്ന് 2015 മേയ് 19 ന് 100 മീറ്റർ എന്നത് "കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് 'കൺസന്റ് ടു ഓപ്പറേറ്റ്' നൽകുന്നതിന് നിശ്ചയിക്കുന്ന ദൂരപരിധി" എന്ന് ഭേദഗതി വരുത്തുകയും ചെയ്തു. മേജർ മിനറലുകൾക്ക് കൺസഷൻ നൽകുന്നത് കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മിനറൽ കൺസഷൻ ചട്ടങ്ങളിലും ദൂരപരിധി 50 മീറ്ററായാണ് നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ 1967 മുതൽ 2015 ഫെബ്രുവരി വരെ നിലനിന്നിരുന്ന 50 മീറ്റർ ദൂരപരിധി കേന്ദ്ര ചട്ടങ്ങൾക്കനുസൃതമായി പുനഃസ്ഥാപിച്ചു കൊണ്ടാണ് 2017 ജൂണിൽ വിജ്ഞാപനം ചെയ്തിട്ടുള്ളത്. നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും മാറ്റിയിട്ടുണ്ട്. പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം പുതിയ അനുമതികൾ നൽകിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**